# Malayala Manorama

## 15 August 2018

## Nedumbassery: Plan smashed, Wind blew,



# ലാൻഡിങ്ങിനിടെ കാറ്റു പിടിച്ചു; വിമാനം റൺവേയിലെ ലൈറ്റ് തകർത്തു

**മനോരമ ലേഖകൻ**

നെടുമ്പാശേരി ● ഇറങ്ങുന്നതിനിടെ ശക്തമായ കാറ്റിൽ റൺവേയുടെ മധ്യരേഖയിൽ നിന്നു മാറിയിറങ്ങിയ വിമാനം റൺവേക്കരികിലെ ലൈറ്റുകൾ തകർത്തു. മറ്റു നാശനഷ്ടങ്ങളില്ല. അപകടത്തെത്തുടർന്നു വിമാനം നാലു മണിക്കൂറോളം വൈകി. ഇവിടെയിറങ്ങേണ്ട മറ്റൊരു വിമാനം തിരിച്ചുവിട്ടു.

ഇന്നലെ പുലർച്ചെ 4.20ന് 161 യാത്രക്കാരുമായി കുവൈത്തിൽ നിന്നെത്തിയ കുവൈത്ത് എയർവേയ്സിന്റെ കെയു 357 വിമാനമാണ് റൺവേയിൽ മാറിയിറങ്ങിയത്. എയർട്രാഫിക് കൺട്രോൾ ടവറിൽ നിന്ന് ഇറങ്ങുന്നതിനുള്ള അനുമതി ലഭിച്ച ശേഷം റൺവേയിലേക്കു താഴ്ന്നു പറക്കുന്നതിനിടെ പെട്ടെന്നു വീശിയടിച്ച കാറ്റിലും മഴയിലുമാണ് പൈലറ്റിന് നിയന്ത്രണം നഷ്ടമായത്.

റൺവേയുടെ മധ്യരേഖയിൽ നിന്ന് ഏതാനും മീറ്ററുകൾ മാറിയിറങ്ങിയ വിമാനം വൈകാതെ നിയന്ത്രിക്കാൻ പൈലറ്റിനു കഴിഞ്ഞതാണ് അപകടമൊഴിവാക്കിയത്. എങ്കിലും വിമാനത്തിന്റെ ചിറകുകൾ ഇടിച്ചു റൺവേയുടെ തെക്കുഭാഗത്തെ ഏതാനും ലൈറ്റുകൾ നശിച്ചു. വിമാനം തുടർന്നു സാധാരണ പോലെ ബേയിലേക്ക് കൊണ്ടുവന്നു യാത്രക്കാരെ ഇറക്കി. യാത്രക്കാരും ഇത്തരമൊരു സംഭവം അറിഞ്ഞില്ല. വിമാനത്തിനും തകരാറില്ല. റൺവേയിലെ ചിന്നിച്ചിതറിയ ലൈറ്റുകൾ മാറ്റേണ്ടതിനാൽ ഈ സമയം ഇറങ്ങാനെത്തിയ ഇൻഡിഗോയുടെ ദുബായിൽ നിന്നുള്ള വിമാനം കോയമ്പത്തൂരിലേക്കു തിരിച്ചുവിട്ടു. ഈ വിമാനം രാവിലെ ഏഴു മണിയോടെ നെടുമ്പാശേരിയിൽ തിരിച്ചെത്തി തുടർസർവീസുകൾ നടത്തി.

അപകടത്തിൽപ്പെട്ട കുവൈത്ത് എയർവേയ്സ് വിമാനം സാങ്കേതിക പരിശോധനകൾ പൂർത്തിയാക്കേണ്ടതിനാൽ തുടർസർവീസ് വൈകി. വിമാനത്തിന്റെ ടയറുകളും മാറ്റി. രാവിലെ ഒൻപതരയോടെയാണ് വിമാനം കൊച്ചിയിൽ നിന്നു യാത്രക്കാരുമായി കുവൈത്തിലേക്കു മടങ്ങിയത്. ഒരു മാസത്തിനിടെ ഇതു രണ്ടാം തവണയാണ് വിമാനം റൺവേയുടെ മധ്യരേഖയിൽ നിന്നും മാറിയിറങ്ങുന്ന സംഭവം നെടുമ്പാശേരി വിമാനത്താവളത്തിലുണ്ടാകുന്നത്. കഴിഞ്ഞ ജൂലൈ 13നു ഖത്തർ എയർവേയ്സ് വിമാനവും ഇത്തരത്തിൽ അപകടത്തിൽപ്പെട്ടിരുന്നു.

ക്രോസ് വിൻഡ് ആണ് ഇരു സംഭവങ്ങളിലും അപകടങ്ങൾക്കു കാരണമായത്. ഇറങ്ങുന്നതിനിടെ എതിർദിശയിൽ നിന്നു വീശിയടിക്കുന്ന കാറ്റ് വിമാനത്തിന്റെ ദിശ മാറ്റുന്ന പ്രതിഭാസമാണിത്.